(സി) ഇത്തരം ഒരു ആരംഭത്തിന് പ്രചാരണം നൽകാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ,

(എ) ഇത് സംബന്ധിച്ച് ഭൂജലവകുപ്പ് ഒരു പഠനം നടത്തി മഴവെള്ള സംഭരണത്തിനായി ഒരു പദ്ധതി സർക്കാരിനും ആസൂത്രണബോർഡിനും സമർപ്പിച്ചിരുന്നു. ഭൂജല വകുപ്പുതയ്യാറാക്കിയ പദ്ധതിക്ക് സംസ്ഥാന ആസൂത്രണബോർഡിന്റെ അംഗീകാരം ലഭിക്കുകയുണ്ടായില്ല. അതിനാൽ കുടിവെള്ള ഭൗർലഭ്യം നേരിടുന്ന കേരളത്തിലെ തീരപ്രദേശങ്ങൾ, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ കോളനികൾ, വരൾച്ച ബാധിക്കാൻ കൂടുതൽ സാദ്ധ്യതയുള്ള പ്രദേശങ്ങൾ എന്നിവിടങ്ങളിൽ താമസിക്കുന്ന ജനങ്ങളെ മഴവെള്ളസംഭരണ പദ്ധതിയെ സംബന്ധിച്ച് ബോധവൽക്കരിക്കാൻ ഒരു പദ്ധതി തയ്യാറാക്കാൻ കേരള വാട്ടർ അതോറിറ്റിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) കേരള വാട്ടർ അതോറിറ്റി 11-ാം ധനകാര്യ കമ്മീഷൻ അവാർഡ് ഉപയോഗിച്ച് പരമ്പരാഗത ജലസ്രോതസ്സുകൾ അഭിവൃദ്ധിപ്പെടുത്താനായി ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതികളിൽ "മഴവെള്ള കൊയ്ത്ത്" പദ്ധതി പ്രകാരം കുടിവെള്ള വിതരണം എറണാകുളം ജില്ലയിൽ ആറ് പഞ്ചായത്തുകളിലെ 132 യൂണിറ്റുകളിലും കോട്ടയം ജില്ലയിൽ ഒരു യൂണിറ്റിലും ആലപ്പുഴ ജില്ലയിൽ 10 യൂണിറ്റിലും നടപ്പിലാക്കിയിട്ടുണ്ട്. ഇതു കൂടാതെ 'വർഷ' പദ്ധതിയിൽ 30 പഞ്ചായത്തുകളിൽ മഴവെള്ളം ശേഖരിച്ച് കുടിവെള്ളവിതരണത്തിനായി തെരഞ്ഞെടുത്ത 623 യൂണിറ്റുകളിൽ 170 യൂണിറ്റുകളുടെ പണി പൂർത്തിയായി.

കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസി നടപ്പിലാക്കുന്ന 'ജലനിധി' പദ്ധതി നടപ്പാക്കുന്ന പഞ്ചായത്തുകളിലെ നിരവധി ഗുണഭോക്തൃ സമിതികൾ 'മഴവെള്ള സംഭരണം' നടത്തിവരുന്നുണ്ട്. പാലക്കാട് ജില്ലയിലെ എരിമയൂർ പഞ്ചായത്തിൽ മാത്രം ഇത്തരം 900 ഗാർഹിക മഴവെള്ള സംഭരണികൾ സ്ഥാപിച്ചിട്ടുണ്ട്.

(സി) കേരള വാട്ടർ അതോറിറ്റി ഇതിനായി വേണ്ട പ്രചാരണ പ്രവർത്തനങ്ങൾ നടത്താൻ നടപടികൾ സ്വീകരിച്ചു വരുന്നു. 'ജലനിധി' പദ്ധതി നടപ്പാക്കുന്ന ഗ്രാമങ്ങളിലൂടെ ഈ പദ്ധതി പ്രചരിപ്പിക്കുന്നുണ്ട്. നിരവധി സന്നദ്ധ സംഘടനകളും വിജയകരമായ പ്രചാരണ പ്രവർത്തനങ്ങൾ ഇക്കാര്യത്തിൽ നടത്തുന്നുണ്ട്.

പ്ലാന്റേഷനുകൾ വിനോദസഞ്ചാര കേന്ദ്രമാക്കാൻ നടപടി

13 (*194) ശ്രീ. എം. വി. ജയരാജൻ :
ശ്രീ. പി. സി. ജോർജ് :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പ്ലാന്റേഷനുകൾ, വിനോദ സഞ്ചാരകേന്ദ്രങ്ങളാക്കി മാറ്റുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ടൂറിസംവകുപ്പ് വിളിച്ചുചേർത്ത ഇതു സംബന്ധിച്ച ആലോചനായോഗ തീരുമാനങ്ങൾ വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത യോഗത്തിൽ ഏതെല്ലാം തോട്ട ഉടമകളാണ് പങ്കെടുത്തിരുന്നത് ;

(ഡി) തോട്ടങ്ങളുടെ സ്വാഭാവിക പ്രവർത്തനങ്ങളെയും തൊഴിലാളികളെയും മറ്റും ഏതെല്ലാം നിലയിൽ ഇത് പ്രതികൂലമായി ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(ഇ) തോട്ടം മേഖലയിലെ തൊഴിലാളി പ്രതിനിധികളെ ആലോചനാ യോഗത്തിൽ പങ്കെടുപ്പിക്കുകയുണ്ടായോ ?

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്) : സർ,

(എ&ബി) ഉണ്ട്. സംസ്ഥാനത്തിന്റെ വികസനം ലക്ഷ്യമാക്കി പുതിയ വിഭവങ്ങൾ രാഷ്ട്ര അന്താരാഷ്ട്ര വിപണികളിൽ പരിചയപ്പെടുത്തുക എന്ന ഉദ്ദേശത്തോടെ കേരളത്തിലെ പ്ലാന്റേഷനുകളുടെ സ്വാഭാവികതനിമ നിലനിറുത്തികൊണ്ട് വിനോദസഞ്ചാരകേന്ദ്രങ്ങളാക്കുന്നതിനെക്കുറിച്ച് വിശദമായി പരിശോധിക്കുന്നതിന് തീരുമാനിച്ചു. ഇതിനായി ഒരു ചെറിയ വർക്കിംഗ് ഗ്രൂപ്പ് രൂപീകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

(സി)

1. ശ്രീ. ഗിൽബർട്ട് ഡിസൂസ, മാനേജർ, എച്ച്. ആർ. എ. വി. റ്റി. ഗ്രൂപ്പ്
2. ശ്രീ. ജെ. കെ. തോമസ് എം. ഡി., മലങ്കര പ്ലാന്റേഷൻ ലിമിറ്റഡ്
3. ശ്രീ. റ്റി. വി. അലക്സാണ്ടർ, ജനറൽ മാനേജർ, ടാറ്റാ റ്റീ
4. ശ്രീ. കെ. ശിവപ്രസാദ്, എം. ഡി. വി. സി. കെ. ലിമിറ്റഡ്
5. ശ്രീ. എ. സി. മാത്യു ഇടയാടി, ചെയർമാൻ, പി. സി. കെ. ലിമിറ്റഡ്
6. ശ്രീ. ജോസ് ഡൊമിനിക്, എം.ഡി. കാസിനോ ഗ്രൂപ്പ്
7. ശ്രീ. റ്റി. ദാമു, ഇന്ത്യൻ ഹോട്ടൽസ് കമ്പനി ലിമിറ്റഡ്
8. ശ്രീ. ജോയ് ജോസഫ്, ലീഗൽ അഡ്വൈസർ, എ. വി. കെ.

LIBRARY ARCHIVES Kerala Legislative Assembly

9. ശ്രീ. വിനയരാഘവൻ,
ഹാരിസൺ മലയാളം ലിമിറ്റഡ്

10. ശ്രീ. ഇ. കുര്യൻ മാത്യു, ഡയറക്ടർ,
റ്റീഫോർ റ്റീ എന്നിവരാണ് പങ്കെടുത്തത്.

(ഡി) തോട്ടങ്ങളുടെ സ്വാഭാവികതനിമ നിലനിറുത്തിക്കൊണ്ട് പരിസ്ഥിതിക്കനുയോജ്യമായ ഒരു ടൂറിസം വികസനമാണ് ഉദ്ദേശിക്കുന്നത്. ഇതു സംബന്ധിച്ച് അന്തിമതീരുമാനം ആയിട്ടില്ല.

(ഇ) സംസ്ഥാനത്തെ പ്രധാന തോട്ടം ഉടമകളുടെ അഭിപ്രായം സ്വരൂപിക്കുകയെന്ന ഉദ്ദേശത്തോടെയാണ് ഇതുസംബന്ധിച്ച പ്രാരംഭയോഗം വിളിച്ചുകൂട്ടിയത്. ആദ്യയോഗം ആയിരുന്നതിനാൽ തൊഴിലാളി പ്രതിനിധികളെ ക്ഷണിച്ചിരുന്നില്ല.

വൈദ്യുതി തകരാറുകൾ പരിഹരിക്കുന്നതിന് മൊബൈൽ സെൽ

14 (*195) ശ്രീ. ബിനോയ് വിശ്വം :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :
ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി തകരാറുകൾ വളരെ വേഗം പരിഹരിക്കുന്നതിന് മൊബൈൽ പരിഹാര സെൽ ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ ഇതിൽ ഏർപ്പെടുത്തുന്ന സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) സംസ്ഥാനത്ത് മുഴുവനും ഈ സംവിധാനം ഏർപ്പെടുത്താനുള്ള പദ്ധതിയുണ്ടോ ; ഉണ്ടെങ്കിൽ എത്ര കാലം കൊണ്ട് ഈ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ) : സർ,

(എ) ഉണ്ട്. തിരുവനന്തപുരം ഈസ്റ്റ്, വെസ്റ്റ് ഡിവിഷനുകളിൽപ്പെടുന്ന ഇരുപത് ഇലക്ട്രിക്കൽ സെക്ഷൻ പ്രദേശത്ത് ഉണ്ടാകുന്ന വൈദ്യുത തകരാറുകൾ എത്രയും വേഗം പരിഹരിക്കുക എന്ന ഉദ്ദേശത്തോടുകൂടി സുസജ്ജമായ ഏഴു മൊബൈൽ യൂണിറ്റുകൾ പ്രവർത്തനം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു.

ആവശ്യമായ വാഹനം, മൊബൈൽ ഫോൺ, ഉപകരണങ്ങൾ, ജോലിക്കാർ എന്നിവയടങ്ങിയ ഈ യൂണിറ്റുകൾ 24 മണിക്കൂറും പ്രവർത്തിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി) പ്രസ്തുത പദ്ധതി വിജയകരമാണെന്ന് കണ്ടാൽ സാമ്പത്തിക പരിമിതികൾക്ക് ഉള്ളിൽ നിന്നുകൊണ്ട് തൽക്കാലം നഗരപ്രദേശങ്ങളിൽ നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly